പത്രക്കുറിപ്പ്
3-08-2017

## ഡിഡിയുജികെവൈ പദ്ധതി,
## ഗ്രാമ പ്രദേശങ്ങളിലെ കുട്ടികളുടെ പുതുപ്രതീക്ഷ-
## മന്ത്രി ഡോ.കെ.ടി. ജലീൽ

തിരുവനന്തപുരം - കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്ക് അവർക്കിഷ്ടമുള്ള മേഖലയിൽ നൈപുണ്യ പരിശീലനം നൽകി ജോലി ഉറപ്പ് വരുത്തിയതിലൂടെ കുടുംബശ്രീയ്ക്ക് അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിരിക്കുന്നവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) പദ്ധതിയിലേക്ക് 22 പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികളെ (പിഐഎ) കൂടി ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മന്ത്രി.

സുസ്ഥിര ഉപജീവനം ലക്ഷ്യമിട്ട് ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ആരംഭിച്ച പദ്ധതി അവസരങ്ങളൊന്നും ലഭിക്കാതെ പോകുന്ന ദരിദ്രരായ ഗ്രാമ പ്രദേശങ്ങളിലെ കുട്ടികൾക്ക് കൈത്താങ്ങാകുന്നതിൽ വിജയിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയുള്ള, അഭ്യസ്തവിദ്യർ കൂടുതലുള്ള സംസ്ഥാനം കേരളമാണെങ്കിലും ഗ്രാമങ്ങളിൽ നിന്നെത്തി മികച്ച നേട്ടം കൈവരിക്കുന്ന കുട്ടികൾ കുറവാണ്. എന്നാൽ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് ഇതിനൊരു മാറ്റം വരുത്താൻ ഡിഡിയുജികെവൈ പദ്ധതി പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. നൈപുണ്യ വികസന പദ്ധതികൾ പലതുണ്ടെങ്കിലും പരിശീലനം ലഭിക്കുന്നവർക്ക് പരമാവധി തൊഴിൽ ഉറപ്പ് വരുത്തുന്ന രീതിയിലുള്ള പദ്ധതിയാണ് ഡിഡിയുജികെവൈ എന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറും കമ്പനി പ്രതിനിധികളും ധാരണാപത്രത്തിൽ ഒപ്പുവയ്ച്ചു. 34 ഏജൻസികൾ വഴി 32 തൊഴിൽ മേഖകളിൽ ഇതുവരെ 18000 പേർക്ക് പരിശീലനം നൽകി, അതിൽ 11000 പേർക്ക് ജോലിയും ലഭിച്ചുവെന്ന് എസ്. ഹരികിഷോർ ചൂണ്ടിക്കാട്ടി. 2019ന് മുമ്പ് 50000 പേർക്ക് പരിശീലനം നൽകുകയാണ് ലക്ഷ്യം. പദ്ധതി വഴി നൈപുണ്യ പരിശീലനം പൂർത്തിയാക്കി ജോലി ലഭിച്ചവർക്ക് ശരാശരി 8000 രൂപ മാസശമ്പളമായി ലഭിക്കുന്നുണ്ടെന്നും വരും നാളുകളിൽ ഭിന്നശേഷിക്കാരായ യുവതീയുവാക്കളിലാകും കൂടുതൽ ശ്രദ്ധ

കേന്ദ്രീകരിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി. ഈ പദ്ധതി പ്രകാരം അട്ടപ്പാടിയിലെ ആദിവാസി മേഖലയിലെ തൊഴിൽരഹിതരായ നിരവധി യുവാക്കൾ സ്ഥിരവരുമാനം ഉറപ്പാക്കുന്ന ജോലികൾ നേടിയെടുത്തത് അഭിമാനകരമാണ്. മികച്ച പ്രവർത്തനത്തിന് ദേശീയ ഗ്രാമവികസന മന്ത്രാലയത്തിന്റെ അവാർഡും കുടുംബശ്രീ സ്വന്തമാക്കിയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതിയിലേക്ക് കൂടുതൽ ഏജൻസികളെ ഉൾപ്പെടുത്തുന്നതിന് കുടുംബശ്രീയ്ക്ക് ശക്തമായ പിന്തുണയേകിയതിന് എക്സലൻസ് ഇൻ അപ്രൈസൽ ബഹുമതി കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസിന് വേണ്ടി എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിങ് ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ ഏറ്റുവാങ്ങി. 2016-17 കാലയളവിൽ മികച്ച പ്രകടനം കാഴ്ചവച്ച ഏജൻസികൾക്കുള്ള അവാർഡുകൾ മന്ത്രി ഡോ. കെ.ടി. ജലീൽ സമ്മാനിച്ചു. കൈറ്റ്സ് സോഫ്ട് വെയേഴ്സ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്, ഡെന്റാകെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡ്, എഡ്യുജോബ്സ് അക്കാഡമി പ്രൈവറ്റ് ലിമിറ്റഡ്, ഡോൺ ബോസ്കോ ടെക്ക് സൊസൈറ്റി, ക്വെസ് കോർപ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളുടെ പ്രതിനിധികൾ അവാർഡുകൾ ഏറ്റുവാങ്ങി. ചടങ്ങിൽ കുടുംബശ്രീ ഡയറക്ടർ എസ്. നിഷ, ഡിഡിയുജികെവൈ പദ്ധതിയിലെ പരിശീലനാർഥികൾ തുടങ്ങിയവർ പങ്കെടുത്തു. ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ബിബിന്ദ് വാസു നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ